(ബി) വകുപ്പുതലത്തിൽ ചെക്ക്ഡാം നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നാല് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കൃഷിയെ പൂർണ്ണമായും സഹായിക്കാൻ പ്രാപ്യമായ കുട്ടക്കടവ് ചെക്ക്ഡാം നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൃത്താല മണ്ഡലത്തിലെ കുട്ടക്കടവ് തടയണ നിർമ്മാണ ത്തിനുള്ള പഠനവേഷണത്തിനായി 10-8-2010-ന് ഉടമ്പടി വെയ്ക്കുകയും 19-8-2010-ന് പണിസ്ഥലം കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) പുഴയിൽ ജലവിതാനം വളരെ കൂടുതലായതുകൊണ്ട് പഠനവേഷണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിട്ടില്ല.

(സി) പഠനവേഷണം നടത്തി മണ്ണിന്റെയും പാറയുടെയും സാമ്പിൾ പരിശോധനക്ക് ശേഷം രൂപരേഖ തയ്യാറാക്കി എസ്റ്റിമേറ്റിന്റെ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയശേഷം പണി തുടങ്ങുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതാണ്.

മുട്ടാർപുഴയിലെ പായൽ നീക്കാൻ നടപടി

29 (2127) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ ;

(എ) പെരിയാറിന്റെ കൈവഴിയായ മുട്ടാർ പുഴയുടെ വശങ്ങളിലുള്ള പുല്ലും പുഴയിലെ പായലും നിമിത്തം വെള്ളം ഒഴുകി പോകുന്നതിന് തടസ്സം നേരിട്ട് വശങ്ങൾ ഇടിഞ്ഞു പോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പായലും പുല്ലും നീക്കം ചെയ്തു നീരൊഴുക്ക് തടസ്സമില്ലാത്ത രീതിയിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പായലും പുല്ലും അടിയന്തരമായി നീക്കംചെയ്ത് നീരൊഴുക്ക് തടസ്സമില്ലാത്ത രീതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലുവ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

30 (2128) ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ആലുവ നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ നടപടികൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര മോട്ടോറുകളും പമ്പുസെറ്റുകളും മാറ്റി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ നിയോജകമണ്ഡലത്തിലെ 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനരുദ്ധാരണ നടപടികൾ ആരംഭിച്ചു. എല്ലാ ജോലികൾക്കും ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു.

(ബി) 12 പദ്ധതികളിലായി 13 പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കരാർ ഉറപ്പിച്ച് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

(സി) മോട്ടോർ പമ്പുസെറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് എല്ലാ ജോലികളും പൂർത്തീകരിക്കുന്നതാണ്.

ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

31 (2129) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായലുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തു തുക ഈ ആവശ്യത്തിനു ചെലവഴിച്ചു ; എത്ര കിലോമീറ്റർ ദൂരത്തിൽ ഏതെല്ലാം ഭാഗം ഗതാഗത യോഗ്യമാക്കി ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ഇതേവരെ ലഭിച്ചിട്ടുണ്ട് ;

(ഡി) പണി പൂർത്തിയായി എന്നവകാശപ്പെടുന്ന ഭാഗങ്ങൾപോലും പൂർണ്ണമായി ഗതാഗതയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലപാതയുടെ നിശ്ചിത വീതി എത്രയാണ് ; പഴയ മാപ്പിംഗ് പ്രകാരമുള്ള പുറമ്പോക്ക് ഭൂമി ഈ ആവശ്യത്തിന് ലഭ്യമാണോ ;

(എഫ്) പല റീച്ചുകളിലും അനാവശ്യമായി നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന്റെ കാരണം വിശദമാക്കുമോ ; എന്നത്തേക്ക് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) നടയറ മുതൽ ഇരവിപുരം വരെയുള്ള 11.50 കി.മീ. നീളത്തിൽ ജലപാത പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം-കോവളം ജലപാതിയിൽ 62 ബോട്ടു

LIBRARY ARCHIVES Kerala Legislative Assembly